ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടിക സമുദായക്കാർക്ക് ചികിത്സാ ധനസഹായ കുടിശ്ശിക

51 [870] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചികിത്സാസഹായം അനുവദിച്ച വകയിൽ കുടിശ്ശികയിനത്തിൽ എത്ര തുക വീതം സംസ്ഥാനത്തെ എസ്.സി./എസ്.ടി. ജില്ലാ ഓഫീസ് മുഖേന നൽകാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) കുടിശ്ശികയായിട്ടുള്ള പ്രസ്തുത തുക എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച വകയിൽ 1,02,11,600 (ഒരു കോടി രണ്ടു ലക്ഷത്തി പതിനൊന്നായിരത്തി അറുന്നൂറ്) രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. †

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച വകയിൽ 22,452,135 (ഇരുപത്തിരണ്ടു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തഞ്ച്) രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. †

(ബി) തുക വിതരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം

52 [873] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-വർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നിയമമനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമമനുസരിച്ച്, അതിക്രമത്തിന് വിധേയരായ പട്ടികജാതി-വർഗ്ഗ വിഭാഗത്തിനുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ 5 വർഷത്തിനകം എത്ര പേർ അതിക്രമത്തിന് വിധേയരായി ; എത്ര പേർക്ക് അടിയന്തിര സഹായം നൽകുകയുണ്ടായി ;

(ഇ) അതിക്രമത്തിന് വിധേയരായ കുടുംബത്തിലെ വിധവയായിട്ടുള്ള ആർക്കെങ്കിലും ജോലി നൽകുകയുണ്ടായോ ; പെൻഷൻ നൽകിയിട്ടുണ്ടോ ?

അനുബന്ധം III, III (എ)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-III

[15-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 51 (870)-ന്റെ ഉത്തരം കാണുക].

ക്രമ നമ്പർ	ജില്ല	കുടിശ്ശിക തുക
1	തിരുവനന്തപുരം	19,28,000
2	കൊല്ലം	3 ലക്ഷം
3	പത്തനംതിട്ട	ഇല്ല
4	ആലപ്പുഴ	4,35,500
5	കോട്ടയം	ഇല്ല
6	ഇടുക്കി	1,37,000
7	എറണാകുളം	12,48,000
8	തൃശ്ശൂർ	40 ലക്ഷം
9	പാലക്കാട്	11,63,100
10	മലപ്പുറം	10 ലക്ഷം
11	കോഴിക്കോട്	ഇല്ല
12	വയനാട്	ഇല്ല
13	കണ്ണൂർ	ഇല്ല
14	കാസർഗോഡ്	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-III (A)

[15-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 51 (870)-ന്റെ ഉത്തരം കാണുക].

ക്രമ നമ്പർ	ജില്ല	കുടിശ്ശിക തുക (രൂപ)
1	തിരുവനന്തപുരം	7,500
2	കൊല്ലം	5,000
3	ആലപ്പുഴ	ഇല്ല
4	പത്തനംതിട്ട	87,500
5	കോട്ടയം	39,600
6	ഇടുക്കി	2,36,000
7	എറണാകുളം	40,000
8	തൃശ്ശൂർ	31,000
9	കണ്ണൂർ	2,00,000
10	കോഴിക്കോട്	20,000
11	പാലക്കാട്	2,18,000
12	വയനാട്	6,88,000
13	മലപ്പുറം	1,83,035
14	കാസർഗോഡ്	4,86,500

GPM. 2/152/2013—36

LIBRARY ARCHIVES Kerala Legislative Assembly